പതിന്നാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 2428 08/05/2017 ൽ മറുപടിയ്ക്ക്

## റീ-സർവ്വേ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റീസർവ്വേ പൂർത്തിയാക്കാത്ത വില്ലേജുകളിൽ അടിസ്ഥാന രേഖകളായ സെറ്റിൽമെന്റ് രജിസ്റ്റർ, ബി.റ്റി.ആർ., ഫീൽഡ് മെഷർമെന്റ് ബുക്ക്, ലിത്തോ പ്ലാൻ എന്നിവ ലഭ്യമല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) റീസർവ്വേ പൂർത്തിയാക്കാത്ത ചില വില്ലേജുകളിൽ അടിസ്ഥാന രേഖകളായ സെറ്റിൽമെന്റ് രജിസ്റ്റർ, ബി.റ്റി.ആർ., ഫീൽഡ് മെഷർമെന്റ് ബുക്ക്, ലിത്തോ പ്ലാൻ എന്നിവ ഭാഗികമായി ലഭ്യമല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ രേഖകൾ ആർ.ഡി.ഒ, കളക്ടറേറ്റ്, സർവ്വേ വിഭാഗം എന്നിവിടങ്ങളിൽ ലഭ്യമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ടി രേഖകൾ ആർ.ഡി.ഒ, കളക്ടറേറ്റ്, സർവ്വേ വിഭാഗം എന്നിവിടങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) സാധാരണ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഈ രേഖകളുടെ പകർപ്പുകൾ വില്ലേജ് ഓഫീസുകളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) ചില രേഖകൾ വില്ലേജ് ഓഫീസിൽ ലഭ്യമാണ്. മറ്റ് ഓഫീസുകളിൽ ലഭ്യമായ രേഖകളുടെ പകർപ്പുകൾ ബന്ധപ്പെട്ടവർ ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ